ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലാ സ്ഥാപനങ്ങൾ ഓരോന്നും എന്തു തുകയ്ക്കുള്ള പരസ്യങ്ങൾ നൽകിയിട്ടുണ്ട്;

(ബി) ഈ പരസ്യങ്ങൾ നൽകിയത് ഏതെങ്കിലും പരസ്യ കമ്പനികളോ ഏജൻസികളോ വഴിയായിരുന്നുവോ;

(സി) എങ്കിൽ ഏതെല്ലാം പരസ്യ കമ്പനികളോ ഏജൻസികളോ വഴിയാണ് ഈ പരസ്യങ്ങൾ നൽകിയതെന്നും അവയുടെ ഓരോന്നിന്റേയും ഉടമകൾ ആരെന്നും വെളിപ്പെടുത്തുമോ;

(ഡി) ഓരോ പരസ്യ കമ്പനിക്കും ഏജൻസിക്കും ഈ കാലയളവിൽ എന്തു തുകവീതം കൊടുത്തു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)-(ഡി) വിവരം ശേഖരിച്ചുവരുന്നു.

പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉന്നത ഉദ്യോഗസ്ഥൻമാരുടെ വിദേശ യാത്രകൾ

28 (683) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഇതുവരെ ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളുടെ തലവൻമാരും മാനേജിംഗ് ഡയറക്ടർമാരും വിദേശയാത്ര നടത്തിയിട്ടുണ്ടോ;

(ബി) ഈ വിദേശയാത്രകൾക്ക് വേണ്ടി സർക്കാരിന് എന്തു തുക ചെലവായി;

(സി) ഈ വിദേശയാത്രകൾക്ക് ഓരോരുത്തർക്കും അനുവദിച്ച വിദേശ നാണ്യം എത്ര വീതമായിരുന്നു;

(ഡി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളുടെ പേരിലാണ് അവർ വിദേശയാത്ര നടത്തിയത്;

(ഇ) ഇതിന്റെ ഫലമായി സംസ്ഥാനത്തിന് എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കുവാൻ കഴിഞ്ഞുവെന്ന് വിശദമാക്കുമോ?

ഉത്തരം

(എ)-(ഇ) വിവരം ശേഖരിച്ചുവരുന്നു.

പ്ലാനിംഗ് ബോർഡ് അംഗങ്ങൾക്കുള്ള ആനുകൂല്യങ്ങൾ

29 (684) ശ്രീ. കെ.പി.എ. മജീദ് :

ശ്രീ. പി.കെ.കെ. ബാവ :

ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly